(സി) 2000-2001 മുതൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില്പന ഇനത്തിൽ ഓരോ വർഷവും ലഭിച്ച നികുതി വരുമാനത്തിന്റെ വിവരം അനുബന്ധം 1-ൽ ചേർക്കുന്നു.†

**ബാങ്ക് വായ്പകൾ**

70 [1007] *ശ്രീ. കെ. മുഹമ്മദാലി:*

" *വി. ജെ. പൗലോസ്:*

" *കെ. സുധാകരൻ:*

" *ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റിന്റെ പദ്ധതിപ്രകാരം സമർപ്പിക്കുന്ന വായ്പയ്ക്കുള്ള അപേക്ഷകൾ ബാങ്കുകൾ തിരസ്കരിക്കുന്നതിനുള്ള പൊതുവായ കാരണങ്ങൾ എന്തെല്ലാം;

(ബി) ഇത്തരം വായ്പയുടെ കാര്യത്തിൽ മുൻഗണന ലഭിക്കുന്നത് ഏതൊക്കെ വായ്പകൾക്കാണെന്ന് പറയുമോ;

(സി) വായ്പ നൽകുന്ന കാര്യത്തിൽ ലീഡ് ബാങ്കിന്റെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇത്തരം വായ്പകൾക്ക് പലിശ എത്രയാണെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ഗവൺമെന്റ് സ്പോൺസേർഡ് സ്കീമുകളിലുൾപ്പെടുത്തി സമർപ്പിക്കുന്ന വായ്പാ അപേക്ഷകൾ മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി പ്രത്യേക പരിഗണനയാണ് ബാങ്കുകൾ നൽകിവരുന്നത്. അപേക്ഷകൾ തിരസ്കരിക്കുന്നതിനുള്ള പൊതുവായ കാരണങ്ങൾ താഴെ പറയും വിധമാണ്:

(1) അപേക്ഷകൻ മറ്റു ബാങ്കുകളിലെ DEFAULTER ആയിരിക്കുക.

(2) അപേക്ഷകൻ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം BANKABLE ഉം VIABLE ഉം അല്ലാതിരിക്കുക.

(ബി) SGSY, SJSRY, PMRY, REGP, കുടുംബശ്രീ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന വായ്പകൾക്കാണ് ബാങ്കുകൾ മുൻഗണന നൽകിവരുന്നത്.

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവൺമെന്റ് സ്പോൺസേർഡ് സ്കീമുകളിൽ ഓരോ ബാങ്കിനും TARGET നൽകുന്നത് ലീഡ് ബാങ്കാണ്. ഇങ്ങനെ നൽകുന്ന TARGET ഓരോ മൂന്നു മാസംകൂടുമ്പോഴും അവലോകനം ചെയ്ത് ബാങ്കുകൾക്ക് TARGET കൈവരിക്കുന്നതിനുവേണ്ട നിർദ്ദേശം ലീഡ് ബാങ്ക് നൽകിവരുന്നു.

(ഡി) ഇത്തരം വായ്പകൾക്ക് ബാങ്കുകൾ PLR (Prime Lending Rate) ആണ് പലിശയായി ഈടാക്കുന്നത്.

**മാസംതോറും പെൻഷൻ വിതരണം ചെയ്യാൻ നടപടി**

71 [1008] *ശ്രീ. കെ. വി. രാജേന്ദ്രൻ:*

" *എൻ. രാജൻ:*

" *മാങ്കോട് രാധാകൃഷ്ണൻ:*

" *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിവരുന്ന പെൻഷൻ പദ്ധതികൾ ഏതൊക്കെയാണ്; ഈ പദ്ധതികളിൽ ഇപ്പോൾ എത്ര സംഖ്യ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിധവകൾ, അഗതികൾ, വികലാംഗർ തുടങ്ങി വിവിധ മേഖലകളിൽ എന്തെല്ലാം ക്ഷേമപദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ, ഓരോ പദ്ധതിയിലും നൽകുന്ന സഹായം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ എന്തു തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ.

(ഡി) പെൻഷൻ പദ്ധതികൾ കുടിശ്ശികവരുത്തുന്നതുമൂലമുള്ള ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മാസംതോറും പെൻഷൻതുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവ (അഗതി) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും 50 വയസ്സിനു മുകളിൽ പ്രായമുള്ളവരുമായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 60 വയസ്സു കഴിഞ്ഞ ചുരുട്ടു തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ എന്നിവയാണ് വിവിധ



LIBRARY ARCHIVES Kerala Legislative Assembly